മു
ദ്ര
ക
ൾ

# മുസ്‌ലിം സംഭാവനകൾക്ക് അയർലന്റിന്റെ അഭിവാദ്യങ്ങൾ

**അയർലന്റ്** ജനതക്ക് ഇസ്‌ലാമിന്റെ യഥാർഥ മുഖവും സംസ്കാരവും പരിചയപ്പെടുത്തിയതിന് മുസ്‌ലിം വിദ്യാർഥികളോട് നന്ദി പ്രകടിപ്പിക്കുകയാണ് അയർലന്റ് പ്രസിഡന്റ് മേരി മകാലീസ്.

'ഇസ്‌ലാമിക വിശ്വാസത്തിന്റെ അംബാസഡർമാരാണ് അയർലന്റിലെ മുസ്‌ലിം വിദ്യാർഥികൾ. ഐറിഷ് സമൂഹത്തിന് മുസ്‌ലിം വിദ്യാർഥികൾ നൽകിയ എല്ലാ സംഭാവനകളെയും ഞാൻ പ്രകീർത്തിക്കുന്നു'- പ്രസിഡന്റിന്റെ വാക്കുകൾ. സർജിയൻസിലെ റോയൽ കോളേജിൽ 'ഇസ്‌ലാമിക സന്ദേശ പ്രചാരണ വാരാചരണ'ത്തിന്റെ സമാപന പരിപാടിയിൽ പ്രസംഗിക്കവെയാണ് ഐറിഷ് പ്രസിഡന്റ് മനസ് തുറന്നത്. എല്ലാ വർഷവും അയർലന്റിലെ യൂനിവേഴ്സിറ്റികളിൽ മുസ്‌ലിം വിദ്യാർഥി സംഘടനകൾ, ഇസ്‌ലാമിക സന്ദേശ പ്രചാരണ കാമ്പയിൻ സംഘടിപ്പിക്കാറുണ്ട്. ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരായ തെറ്റുധാരണകൾ നീക്കുകയാണ് കാമ്പയിന്റെ ലക്ഷ്യം. ഇത്തവണ കാമ്പയിന്റെ സമാപനത്തിൽ മുഖ്യാതിഥിയായിരുന്നു ഐറിഷ് പ്രസിഡന്റ് മേരി മകാലിസ്. "മുസ്‌ലിം വിദ്യാർഥികളുടെ ശാസ്ത്ര ഗവേഷണങ്ങൾ അയർലന്റിന് വലിയ അളവിൽ പ്രയോജനം ചെയ്തിട്ടുണ്ട്. ആഗോളവത്കൃത ലോകത്ത് അയർലന്റിന് പിടിച്ചു നിൽക്കാനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്താനും കഴിഞ്ഞത് അവരുടെ സഹായം കൊണ്ടുകൂടിയാണ്" -അവർ പറഞ്ഞു.

■ മേരി മകാലിസ്




ഗൾഫ് രാഷ്ട്രങ്ങളിൽനിന്നും മറ്റു ഏഷ്യൻ രാജ്യങ്ങളിൽനിന്നും നിരവധി വിദ്യാർഥികൾ ഐറിഷ് യൂനിവേഴ്സിറ്റികളിൽ പഠിക്കാനെത്തുന്നുണ്ട്. അവരുടെ നേതൃത്വത്തിൽ നടക്കുന്ന കാമ്പയിനെയും പ്രസിഡന്റ് പ്രകീർത്തിച്ചു: "ഐറിഷ് സമൂഹത്തിന് ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതിൽ ഈ കാമ്പയിൻ വലിയ പങ്കു വഹിക്കുന്നു. അയർലന്റിലെ മുസ്‌ലിം ജനസംഖ്യ വളരെ ചെറുതാണെങ്കിലും ഐറിഷ് യൂനിവേഴ്സിറ്റികളിൽ മുസ്‌ലിം വിദ്യാർഥികൾ വളരെ സജീവരാണ്. വിവിധ സംസ്കാരങ്ങൾക്കിടയിൽ സഹവർത്തിത്വത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നതിലും അവർ ഉത്സുകരാണ്." ഐറിഷ് ജനസംഖ്യയുടെ ഒരു ശതമാനമാണ് മുസ്‌ലിംകൾ. 50,000 മാത്രം. വംശവെറിയുടെ ഇക്കാലത്ത് രാഷ്ട്ര നേതാക്കൾക്ക് ഇതൊരു ഉത്തമ മാതൃകയാകുന്നു. ■

# മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് റാബിഅ് നദ്‌വി വീണ്ടും അധ്യക്ഷൻ

**ആൾ** ഇന്ത്യാ മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് ചെയർമാനായി മൗലാനാ റാബിഅ് ഹസൻ നദ്‌വി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ലഖ്നൗ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമയിൽ ചേർന്ന 21-ാമത് വാർഷിക ജനറൽ ബോഡിയാണ് അദ്ദേഹത്തെ തെരഞ്ഞെടുത്തത്. 2002 ജൂൺ മുതൽ അദ്ദേഹം അധ്യക്ഷ പദവി വഹിച്ചുവരികയാണ്. മൗലാനാ അബുൽ ഹസൻ നദ്‌വിയുടെ നിര്യാണത്തിനു ശേഷം ഒഴിവുവന്ന സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം മൂന്നാം തവണയാണ് അദ്ദേഹം വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നത്. മറ്റു നാമനിർദേശങ്ങളില്ലാത്തതിനാൽ ഐകകണ്ഠേനയായിരുന്നു തെരഞ്ഞെടുപ്പ്. നിലവിലെ ബോർഡ് വൈസ് പ്രസിഡന്റും ശീഈ ആത്മീയ നേതാവുമായ മൗലാനാ കൽബെ സാദിഖ് തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

രാജ്യസഭാ ഉപാധ്യക്ഷൻ കെ. റഹ്‌മാൻ ഖാൻ, റിട്ട. സുപ്രീം കോടതി ജസ്റ്റിസ് ഷാ മുഹമ്മദ് ഖാദിരി എന്നിവരെ സ്ഥിരം അംഗങ്ങളായി ബോർഡ് തെരഞ്ഞെടുത്തു. റഹ്‌മാൻ ഖാൻ ബോർഡ് മീറ്റിംഗിലെ സ്ഥിരം ക്ഷണിതാവാണ്. ജസ്റ്റിസ് ഖാദിരിക്കായിരുന്നു ബോർഡ് പുസ്തകങ്ങൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുന്ന ചുമതല. 1972-ൽ രൂപീകൃതമായ മുസ്‌ലിം പേഴ്സനൽ ലോ ബോർഡിന് പുതുതായി തെരഞ്ഞെടുക്കപ്പെട്ടവർ ഉൾപ്പെടെ 102 സ്ഥിരാംഗങ്ങളാണുള്ളത്.



ബോർഡിലെ സ്ത്രീ പങ്കാളിത്തം വർധിപ്പിച്ചതാണ് മറ്റൊരു ശ്രദ്ധേയമായ തീരുമാനം. 51 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ബീഗം നസീം ഇഖ്തിദാർ അലി (ലഖ്നൗ) എന്ന ഒറ്റ വനിതാ അംഗം മാത്രമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അത് അഞ്ചായി വർധിച്ചു. നിലവിലെ വനിതാ മെമ്പർക്ക് പുറമെ ഡോ. റുക്സാന ലാറി, ഡോ. സ്വഫിയാ നസീം (ഇരുവരും ലഖ്നൗ സ്വദേശികൾ), നൂർജഹാൻ ശകീൽ (കൊൽകത്ത), ഡോ. അസ്മാ സഹ്‌റ (ഹൈദരാബാദ്) എന്നിവരാണ് പുതിയ വനിതാ പ്രതിനിധികൾ.

സ്ഥിരം മെമ്പർമാർക്ക് പുറമെ മൂന്ന് വർഷത്തേക്ക് തെരഞ്ഞെടുത്ത താൽക്കാലിക മെമ്പർമാരുമുണ്ട് ബോർഡിന്. 119 പുരുഷന്മാരും 30 വനിതകളുമാണ് പുതുതായി തെരഞ്ഞെടുക്കപ്പെട്ട താൽക്കാലിക മെമ്പർമാർ. 22 പുരുഷന്മാരും 3 വനിതകളുമാണ് പുതുതായി തെരഞ്ഞെടുക്കപ്പെട്ടവർ. സ്ഥിരം മെമ്പർമാരും താൽക്കാലിക മെമ്പർമാരും ഉൾപ്പെട്ട 251 പേരാണ് പുതിയ ബോർഡിൽ ഉണ്ടാവുക.

നിലവിൽ പ്രതിനിധികളില്ലാത്ത പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഗുലാം ഹുസൈൻ എം.പി (ലഡാക്ക്), മൗലാനാ ബിലാൽ (മേഘാലയ), സയ്യിദ് അഹ്‌മദ് (ത്രിപുര), അതീഖുർറഹ്‌മാൻ എം.എൽ.എ (ആസ്സാം) എന്നിവരെ തെരഞ്ഞെടുത്തിട്ടുണ്ട്. എല്ലാ പ്രദേശങ്ങൾക്കും പ്രാതിനിധ്യമുള്ള ഇന്ത്യൻ മുസ്‌ലിംകളുടെ സമ്പൂർണ കൂട്ടായ്മയായി ബോർഡ് വളർന്നിരിക്കുകയാണെന്ന് ബോർഡ് വക്താവ് എസ്.ക്യു.ആർ ഇല്യാസ് പറഞ്ഞു.

നിലവിലെ ജനറൽ സെക്രട്ടറി സയ്യിദ് നിസാമുദ്ദീൻ തൽസ്ഥാനത്ത് തുടരും. സാലിം ഖാസിമി, കൽബെ സ്വാദിഖ്, സയ്യിദ് ഫഖ്റുദ്ദീൻ അശ്റഫ്, കാകാ സഈദ് അഹ്മദ് ഉമരി എന്നിവർ വൈസ് പ്രസിഡന്റുമാരും മുഹമ്മദ് വാലി റഹ്മാനി, അബ്ദുസ്സത്താർ യൂസുഫ് ശൈഖ് എന്നിവർ സെക്രട്ടറിമാരായും മുഹമ്മദ് അബ്ദുർറഹീം ഖുറൈശി അസിസ്റ്റന്റ് സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. ■

# ഫാഷിസത്തിനെതിരെ ബ്രിട്ടീഷ് ഉന്നതതല കൂട്ടായ്മ

**പാർലമെന്റ്** അംഗങ്ങൾ, മുൻ മന്ത്രിമാർ, ട്രേഡ് യൂനിയൻ നേതാക്കൾ ഉൾപ്പെടെ ബ്രിട്ടനിൽ ഫാഷിസത്തിനെതിരെ പ്രഗത്ഭരുടെ കൂട്ടായ്മ. ബ്രിട്ടീഷ് പാർലമെന്റ് എം.പി മുഹമ്മദ് സർവറിന്റെ നേതൃത്വത്തിൽ 'Unite Against Fascism' എന്ന പേരിലാണിത് പ്രവർത്തിക്കുക. ഇസ്‌ലാമോഫോബിയ പ്രചരിപ്പിക്കുന്ന ബ്രിട്ടീഷ് നാഷ്നൽ പാർട്ടിയുമായി അടുപ്പമുള്ള ഇംഗ്ലീഷ് ഡിഫൻസ് ലീഗി(ഇ.ഡി.എൽ)നെതിരെയാണ് ഈ കൂട്ടായ്മ.




പുതുതായി രൂപംകൊണ്ട ഈ ഫാഷിസ്റ്റ് സംഘം നിയമങ്ങളുടെയും ഭരണഘടനയുടെയും പഴുതുകൾ ദുരുപയോഗം ചെയ്താണ് അവരുടെ പ്രതിലോമ പ്രവർത്തനങ്ങൾക്ക് ന്യായം കണ്ടെത്തുന്നതെന്ന് ബ്രിട്ടീഷ് പാർലമെന്റിലെ ഏക മുസ്‌ലിം എം.പി മുഹമ്മദ് സർവർ പറഞ്ഞു. ഇസ്‌ലാംവിരുദ്ധത പ്രചരിപ്പിക്കുന്നവർക്കെതിരെ വടക്ക് പടിഞ്ഞാറൻ പട്ടണമായ ബോൾട്ടനിൽ വൻ പ്രതിഷേധറാലി സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

മുൻ മന്ത്രിമാരായ മാർഗരറ്റ് ഹോഡ്ജ്, ബീപെർലി ഹൂസ്, ടോണി ലോയ്ഡ് എന്നിവരും മുൻ വിദ്യാഭ്യാസ സെക്രട്ടറി റൂത്ത് കെല്ലി, ലണ്ടൻ മേയർ കെൻ ലിവിംഗ്സ്റ്റൺ തുടങ്ങിയ പ്രമുഖരും ഈ കൂട്ടായ്മക്ക് പിന്തുണയുമായി രംഗത്തുണ്ട്. ബ്രിട്ടീഷ് പാർലമെന്റിലെ ഒരു സംഘം എം.പിമാർ വർധിച്ചുവരുന്ന ഇസ്‌ലാമോഫോബിയയുടെ കാരണങ്ങൾ അന്വേഷിക്കാൻ പാർലമെന്ററി കമ്മിറ്റിയെ നിയോഗിക്കണമെന്ന ശക്തമായ ആവശ്യം ഉന്നയിച്ച് കഴിഞ്ഞു. "ഇന്ന് മുസ്‌ലിംകൾക്കെതിരെയും അവരുടെ മസ്ജിദുകൾക്കെതിരെയുമാണ് ഭീതി പരത്തുന്നതെങ്കിൽ നാളെ മറ്റു മതവിഭാഗങ്ങൾക്കെതിരെയും അവരുടെ ദേവാലയങ്ങൾക്കെതിരെയും ഇതേ തന്ത്രം അവർ പ്രയോഗിക്കും"- സർവർ മുന്നറിയിപ്പ് നൽകി. ■

■ മുഹമ്മദ് സർവർ



# ആരു മാറും?
# മർഡോക്കോ റോത്താനയോ?

**'ഗൾഫ്** ഉപഗ്രഹ ചാനൽ ലോകത്ത് മർഡോക്ക് ദുർഗന്ധം' എന്നാണ് മുതിർന്ന അറബ് പത്രപ്രവർത്തകൻ ഫഹ്മീ ഹുവൈദി അതിനെ വിശേഷിപ്പിച്ചത്. സംഭവം, ലോക മീഡിയാ കഴുകൻ റുപ്പേർട്ട് മർഡോക്കിന്റെ ഗൾഫ് രാജ്യങ്ങളിലേക്കുള്ള കടന്നുകയറ്റം തന്നെ. തന്റെ മീഡിയാ സാമ്രാജ്യത്തിന്റെ പുതിയ ആസ്ഥാനങ്ങളിലൊന്ന് അബൂദബി ആയിരിക്കുമെന്നാണ് മർഡോക് ഈയിടെ പ്രഖ്യാപിച്ചത്. ഹോംങ്കോംങ് ആസ്ഥാനമായുള്ള ചില മർഡോക്കിയൻ ചാനലുകൾ ഏറെ വൈകാതെ അബൂദബിയിലേക്ക് നീങ്ങും. അറബ് ലോകത്തെ മാധ്യമ ചക്രവർത്തി എന്ന് വിശേഷിപ്പിക്കാവുന്ന അമീർ വലീദ്ബ്നു ത്വലാലിന്റെ നേതൃത്വത്തിലുള്ള 'റോത്താന'യുമായി കരാറൊപ്പിട്ടുകൊണ്ടാണ് മർഡോക്ക് ചുവടുറപ്പിക്കുന്നത്. കരാർ പ്രകാരം റോത്താനയുടെ പത്തു ശതമാനം ഓഹരി ഇനി മർഡോക്കിനായിരിക്കും. ആറ് ചാനലുകളും ഒരു സിനിമാ നിർമാണ കമ്പനിയുമുണ്ട് റോത്താനക്ക് കീഴിൽ. ഓഹരി സ്വന്തമാക്കാൻ എഴുപത് മില്യൻ ഡോളറാണ് മർഡോക്ക് നൽകിയത്. വരും വർഷങ്ങളിൽ ഓഹരി വിഹിതം കൂടാനാണ് സാധ്യത.



■ റോത്താനയുടെ എംബ്ലം

*ടൈംസ്*, *സൺ* ഉൾപ്പെടെ ബ്രിട്ടീഷ് പത്ര ലോകത്തിന്റെ നാൽപത് ശതമാനവും ഇന്ന് മർഡോക്കിന്റെ കൈകളിലാണ്. അമേരിക്കയിൽ അയാൾ സ്ഥാപിച്ച 'ന്യൂസ് കോർപറേഷന്റെ' വരുതിയിലാണ് *ന്യൂയോർക്ക് പോസ്റ്റ്* പത്രവും ഫോക്സ് ന്യൂസ് ചാനലും. നവയാഥാസ്ഥിതികർക്ക് വേണ്ടി ഏറ്റവും മാരകമായി വിഷം തുപ്പുന്നത് ഈ രണ്ട് മാധ്യമങ്ങളാണെന്നത് തർക്കമില്ലാത്ത സത്യം. ഇറാഖ് അധിനിവേശത്തിന് സകലവിധ കോപ്പും ഒരുക്കിക്കൊടുത്തത് ഈ രണ്ട് മാധ്യമങ്ങളായിരുന്നു.

കടുത്ത സയണിസ്റ്റ് പക്ഷപാതി കൂടിയായ മർഡോക്കിന്റെ മുസ്‌ലിം ലോകത്തേക്കുള്ള കടന്നുകയറ്റത്തിന് പിന്നിൽ ലാഭത്തിന് പുറമെ മറ്റൊരു പ്രധാന ലക്ഷ്യം കൂടിയുണ്ട്. മുസ്‌ലിം ലോകത്ത് ശക്തിപ്പെടുന്ന സയണിസ്റ്റ് വിരുദ്ധത ഇല്ലാതാക്കുക. ഇസ്രയേലിനെതിരെ ഏറ്റവും കടുത്ത ചെറുത്തുനിൽപ് ഉയർന്നുവരാനിടയുള്ള തുർക്കിയിലെ ടി.ജെ.ആർ.ടി ടെലിവിഷൻ സ്റ്റേഷൻ മർഡോക്ക് ഈയിടെ സ്വന്തമാക്കിയത് മറ്റൊരു ലക്ഷ്യത്തിനായിരിക്കില്ല. ഇവിടത്തെ *തുർക്കിയ* എന്ന പത്രവും *ഇഖ്‌ലാസ്* എന്ന വാർത്താ ഏജൻസിയും വാങ്ങാനും അയാൾ ശ്രമിക്കുന്നുണ്ട്.

ഈ കരാറിലൂടെ മർഡോക്കിയൻ പത്രങ്ങളുടെയും ചാനലുകളുടെയും ശൈലിയിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് 'റോത്താന'യുടെ വക്താക്കൾ അവകാശപ്പെടുന്നത്. റോത്താന മാറുമോ മർഡോക്ക് മാറുമോ എന്ന് വൈകാതെ കൊണ്ടറിയാം! ■